# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മങ്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി 17/21/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 04/02/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മങ്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി 17/21/2023 തീയ്യതി: 04/02/2023

## പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2022 മുതൽ 21-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 22-12-2022 | 30-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-12-2022 | 30-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. താരീഖ്.എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷഹീർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗോകുൽദാസ്.എം.എൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ജയദാസ്.കെ | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീമതി.സുനിത.സി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2021 | 16-06-2021 |
| ശ്രീ.റിഷി.കെ | സെക്രട്ടറി | 17-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശബ്ന.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ്.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.അനൂപ് ജിയോ ജോസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്മിത സാമുവൽ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മഞ്ജുഷ മുരളി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.സാബു ജോർജ്ജ് | മെഡിക്കൽ ഓഫീസർ സിദ്ധ | 01-04-2021 | 31-03-2022 |
| ഡോ.സന്തോഷ്.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീജ.എൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ധനേഷ്.ടി.ആർ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി.രാധിക.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുനിത.സി.വി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.സരസ്വതി.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-01-2022 |
| ശ്രീമതി വിജയകുമാരി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-02-2022 | 31-03-2022 |
| ശ്രീമതി ശ്യാമള .കെ | ഹെഡ് മിസ്ട്രസ്,ജി.എൽ.പി.സ്കൂൾ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | കല്ലൂർ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല | 1-11 |
| 13 | വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി നിർണ്ണയിച്ചത് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പുനർനിർണ്ണയിച്ചു | 1-12 |
| 14 | വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - ആവശ്യമായ രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ് | 1-13 |
| 15 | ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിട നമ്പർ നൽകുന്നത് - ബാധകമായ ഉയർന്ന നിരക്കിൽ വസ്തു നികുതി ഈടാക്കുന്നില്ല | 1-14 |
| 16 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-15 |
| 17 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15-1 |
| 18 | റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15-2 |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15-3 |
| 20 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15-4 |
| 21 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ് | 1-16 |
| 22 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല | 1-16-1 |

| | | |
|---|---|---|
| 23 | റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 1-16-2 |
| 24 | ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 1-16-3 |
| 25 | കെട്ടിട വാടക – അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-17 |
| 26 | വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ് | 1-17-1 |
| 27 | ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കേണ്ടതാണ് | 1-17-2 |
| 28 | വാടകയിന്മേൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല | 1-17-3 |
| 29 | വാടക കുടിശ്ശിക നിലനിൽക്കുന്നു | 1-17-4 |
| 30 | ഒഴിഞ്ഞ് കിടക്കുന്ന മുറികൾ പുനർലേലം ചെയ്യേണ്ടതാണ് | 1-17-5 |
| 31 | ഒരേ ഉടമസ്ഥന്റെ ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത് പുന:പരിശോധിക്കേണ്ടതാണ് | 1-18 |
| 32 | വെള്ളക്കരം - കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-19 |
| 33 | ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-20 |
| 34 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-21 |
| 35 | ഓഡിറ്റ് ഇംപാക്റ്റ്-തെരുവ് വിളക്ക് - വൈദ്യുതി ചാർജ്ജ് - കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി 998267/-ധനനഷ്ടം ഒഴിവായി | 1-22 |
| 36 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-23 |
| 37 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ – തുക വകമാറ്റി ചെലവഴിച്ചിരിക്കുന്നു | 1-24 |
| 38 | ജൈവ വൈവിധ്യ പദ്ധതി - സാംഖ്യാ ബിൽ, അനുബന്ധ ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് നൽകിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 39 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ വാഹന ഉപയോഗം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-26 |
| 40 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-27 |
| 41 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 1-28 |
| 42 | വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗരേഖ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-29 |
| 43 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-30 |
| 44 | പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല | 1-31 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ്- ചെലവ് പത്രിക സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

19.02.2021 തിയതിയിലെ തീരുമാനം 1(1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവുകളും ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|
| 1 | മുന്നിരിപ്പ് | 4099878 | 15458499 |
| 2 | വരവ് | 151919017 | 71711848 |
| 3 | ആകെ | 156018895 | 87170347 |
| 4 | ചെലവ് | 153114017 | 70671403 |
| 5 | നീക്കിയിരുപ്പ് | 2904878 | 16498944 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ്- ചെലവ് കണക്കുകളും, ബജറ്റ് പ്രകാരം ഉള്ള കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. കൂടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. പുതുക്കിയ ബജറ്റ് 16.03.2022 ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 16.05.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷികകണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ 1445000 രൂപ Loans Advances & Deposits എന്ന ഷെഡ്യൂളിൽ " 460500501-Advance To Implementing Agencies" (RP-47) എന്ന ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പകരം Electrification Of Street Lights (RP-17-252100101) എന്ന ഹെഡിലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15458499 |
| വരവ് | 71711848 |
| ആകെ | 87170347 |
| ചെലവ് | 70671403 |
| നീക്കിയിരിപ്പ് | 16498944 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | അലോട്ട്മെന്റ് | | | /ലാപ്സായ തുക |
| വികസന ഫണ്ട്- ജനറൽ | 0 | 13761401 | 13761401 | 13623509 | 137892 * |
| വികസന ഫണ്ട്- എസ്.സി.പി | 0 | 9912666 | 9912666 | 9632230 | 280436 ** |
| വികസന ഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 11204000 | 11204000 | 10200933 | 1003067 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 4853319 | 4853319 | 4635561 | 217758 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 4432000 | 4432000 | 2328577 | 2103423# |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 329571 | 329571 | 329571 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied ) | 0 | 3000321 | 3000321 | 2803699 | 196622# |
| സ്വച്ഛഭാരത് മിഷൻ TSC | 1620746 | 140000 | 1760746 | 787930 | 972816 |
| ICDS | 417824 | 736676 | 1154500 | 370995 | 783505 |
| ലൈഫ് ഭവനം -സംസ്ഥാന വിഹിതം | 160000 | 400000 | 560000 | 520000 | 40000 |
| സിദ്ധ | 274554 | 0 | 274554 | 268911 | 5643 |
| ജലനിധി | 8155693 | 1274036 | 9429729 | 0 | 9429729 |

# സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് നീക്കിയിരുപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക 1182600 രൂപ , ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് 923999 രൂപ എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ

2106599 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 73334 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

തൻവർഷത്തിൽ ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകളുടെ വിവരങ്ങൾ

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 197/22: അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 394200 | വികസന ഫണ്ട് (ജനറൽ) |
| 2 | 207/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 394200 | വികസന ഫണ്ട് (ജനറൽ) |
| 3 | 230/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 394200 | വികസന ഫണ്ട് (ജനറൽ) |
| 4 | 228/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 461999 | വികസന ഫണ്ട് (ജനറൽ) |
| 5 | 205/22: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 462000 | വികസന ഫണ്ട് (ജനറൽ) |
| 6 | ആകെ | 2106599 | |
| 7 | 206/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി | 36667 | വികസന ഫണ്ട് (എസ്.സി.പി) |
| 8 | 229/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി | 36667 | വികസന ഫണ്ട് (എസ്.സി.പി) |
| | ആകെ | 73334 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 69890751 | 157 | 52530960 | 0 | 24 | 87 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച | ചെലവ് % |
|---|---|---|---|---|---|

| | കളുടെ എണ്ണം | | തുക | തുക | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 6392550 | 4705224 | 74 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 1651000 | 1295300 | 78 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 3 | 788319 | 527565 | 67 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 240000 | 240000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 1013000 | 1010018 | 99 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 738000 | 32000 | 4 |
| വി.ഇ.ഒ | 25 | 23 | 14321471 | 10419270 | 73 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 6 | 4885580 | 4193588 | 86 |
| സെക്രട്ടറി | 15 | 12 | 5448532 | 4004979 | 74 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 107 | 92 | 31245799 | 23217352 | 74 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 700000 | 700000 | 100 |
| ഹെഡ് മിസ്ട്രസ് | 2 | 2 | 700000 | 700000 | 100 |
| അസി.സെക്രട്ടറി | 2 | 2 | 1766500 | 1485664 | 84 |
| ആകെ | 181 | 157 | 69890751 | 52530960 | 75 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5743 | 442364 | 448107 | 448106 | 1 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 50250868 | 50250868 | 50250868 | 0 |
| ആകെ | 5743 | 50693232 | 50698975 | 50698974 | 1 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000.00 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 5430800.00 | 372 |
| വിധവാപെൻഷൻ | 11671800.00 | 741 |
| വാർദ്ധക്യകാലപെൻഷൻ | 24316400.00 | 1630 |
| വികലാംഗപെൻഷൻ | 3122100.00 | 206 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1130000.00 | 75 |

### 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2022, 3 PM ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 51720 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ല.

4. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2014-15 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. 01.08.2022 മുതൽ 30.09.2022 വരെയുള്ള പെർഫോമൻസ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട് . പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ ഒന്നും തന്നെയില്ല.

### 1-11 വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ കൂടിയ നിരക്ക് 25 രൂപ). എന്നാൽ പഞ്ചായത്തിൽ നാളിതുവരെ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.

09/27.12.2022) സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി നിർണ്ണയിച്ചത് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പുനർനിർണ്ണയിച്ചു

പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ളവ '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 45/- രൂപയും '100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 60/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ ഷമീറ കെ എം, തരുവക്കോട് എന്നവരുടെ വാണിജ്യാവശ്യത്തിനുള്ള 103.85 ച.മീറ്റർ വിസ്തീർണ്ണമുള്ള ഗോഡൗൺ കെട്ടിടത്തിന് '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ബാധകമായിട്ടുള്ള ച.മീറ്ററിന് 45/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ഫയൽ നം. A2/3211/21

| കെട്ടിട നമ്പർ | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | കുറവായി നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|
| 3/515 | അടിസ്ഥാന വസ്തു നികുതി - 103.85*45 = 4673.25<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 467.325<br>മേൽക്കൂരയിന്മേലുള്ള ഇളവ് (10%) - 467.325<br>ലൈബ്രറി സെസ്സ് - 187<br>ആകെ - 3926 (3739+187) | അടിസ്ഥാന വസ്തു നികുതി - 103.85*60 = 6231<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 623.1<br>മേൽക്കൂരയിന്മേലുള്ള ഇളവ് (10%) - 623.1<br>ലൈബ്രറി സെസ്സ് - 249<br>ആകെ - 5234 (4985+249) | വസ്തു നികുതി - 1246 (4985-3739)<br>ലൈബ്രറി സെസ്സ് - 62 (249-189) | 2021 ഒന്നാം അർദ്ധ വർഷം |

മേൽ കെട്ടിടത്തിന് 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ കെട്ടിടങ്ങൾക്ക് ബാധകമാകുന്ന ച.മീറ്ററിന് 60/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിയെ (നം. 04/24.12.2022) തുടർന്ന് വസ്തു നികുതി 60/- രൂപ നിരക്കിൽ പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ മേൽക്കൂരയിന്മേലുള്ള ഇളവ് (10%) നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. മേൽ വാണിജ്യ കെട്ടിടത്തിന് മേൽക്കൂരയിന്മേലുള്ള ഇളവ് (10%) നൽകി വസ്തു നികുതി

പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - ആവശ്യമായ രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്

സ.ഉ(കൈ)നം.106/17/തസ്വഭവ തീയതി.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സഞ്ചയയിലെ എക്സ് സർവ്വീസ് എക്സംപ്ഷൻ രജിസ്റ്റർ പ്രകാരം 187 കെട്ടിടങ്ങൾക്ക് വസ്തു നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. ഫിനാൻസ് കമ്മറ്റി തീരുമാന (നം. 04/09.04.2021) പ്രകാരം അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഇളവ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആർക്കെല്ലാം ഇളവ് നൽകി എന്നതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഫിനാൻസ് കമ്മറ്റി തീരുമാന പ്രകാരം ഇളവ് നൽകിയിട്ടുള്ള മുഴുവൻ അപേക്ഷകളും പരിശോധനയ്ക്ക് നൽകുവാനായി ഓഡിറ്റ് എൻക്വയറി (നം. 03/24.12.2022) മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ ഉത്തരവ് പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിട നമ്പർ നൽകുന്നത് - ബാധകമായ ഉയർന്ന നിരക്കിൽ വസ്തു നികുതി ഈടാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ.

മങ്കര പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ളവ '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 45/- രൂപയും 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 60/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരാളുടെ ഉടമസ്ഥതയിലുള്ള ഒരേ പ്ലാനിലുള്ള 100 ച.മീ. ന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്കിൽ നികുതി ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 45/- രൂപ നിരക്കിൽ

നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | ഫയൽ നം. | ആകെ വിസ്തീർണ്ണം (M2) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 4/537 മുതൽ 4/538 വരെ | വിശ്വനാഥൻ, കിമ്പളക്കാട് വീട് | SC1/2098/22 | 163.83 | എല്ലാ കെട്ടിടങ്ങളും 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ കെട്ടിടങ്ങളുടെ നിരക്കിൽ (45 രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. |
| 2 | 5/525 മുതൽ 5/526 വരെ | അബു സാലിഹ് എം കെ, മാളിയേക്കൽ വീട് | A2/5026/20 | 120.95 | ,, |
| 3 | 10/468 മുതൽ 10/481 വരെ | കൃഷ്ണദാസ് എം, അനുഗ്രഹ | A2/4464/18 | 266.65 | ,, |
| 4 | 11/642 മുതൽ 11/645 വരെ | അബൂതാഹിർ, പുളിക്കപറമ്പിൽ വീട് | A2/3741/15 | 126.64 | ,, |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | 11/650 മുതൽ 11/651 വരെ | രാമൻകുട്ടി, ഇരുമ്പിടികളം | A2/549/16 | 134.11 | 11/650 എന്ന കെട്ടിടത്തിന് 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങളുടെ നിരക്കിൽ (60 രൂപ) വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും 11/651 കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങളുടെ നിരക്കിലുമാണ് (45 രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. |
| 6 | 11/698 മുതൽ 11/699 വരെ | അബ്ദുൾ ഹക്കീം, പുളിക്കപറമ്പിൽ വീട് | A2/2749/17 | 128.62 | എല്ലാ കെട്ടിടങ്ങളും 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ' കെട്ടിടങ്ങളുടെ നിരക്കിൽ (45 രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. |
| 7 | 11/764 മുതൽ 11/765 വരെ | അബൂതാഹിർ പി, പുളിക്കപറമ്പിൽ വീട് | A8/650/20 | 146 | ,, |
| 8 | 11/742 മുതൽ 11/745 വരെ | മുരളീധരൻ കെ വി, കുണ്ടുകാവിൽ വീട് | A2/10/19 | 128.8 | ,, |
| 9 | 11/789 മുതൽ 11/790 വരെ | ,, | A2/3532/21 | 245.71 | 11/789 എന്ന കെട്ടിടത്തിന് 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങളുടെ നിരക്കിൽ (60 രൂപ) വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും |

| | | | | | |
|---|---|---|---|---|---|
| | | | | | 11/790 കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങളുടെ നിരക്കിലുമാണ് (45 രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. |
| 10 | 12/552 മുതൽ 12/555 വരെ | ആദംകുട്ടി കെ കെ, കുന്നക്കാട് വീട് | A8/5848/19 | 103.44 | എല്ലാ കെട്ടിടങ്ങളും 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ കെട്ടിടങ്ങളുടെ നിരക്കിൽ (45 രൂപ) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. |
| 11 | 12/590 മുതൽ 12/595 വരെ | വിശ്വനാഥൻ, കൊന്നയത്ത് വീട് | A2/4182/21 | 141.15 | ,, |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ മേൽ പ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/27.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയയിലെ 1 മുതൽ 14 വരെയുള്ള മുഴുവൻ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് മേൽ പ്രകാരമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചത് പുന:പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇത്തരത്തിൽ തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്നുള്ള പരിശോധനയാണ് നടത്തിയിട്ടുള്ളത്. പാഞ്ചായത്തിന്റെ 2021-22 ലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്നു. അപാകങ്ങൾ ഓഡിറ്റ് എൻക്വയറി (നം. 12/27.12.2022) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-15-1 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 211 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | എണ്ണം | |
| 1 | ഡി ജെ അമ്യൂസ്മെന്റ് എഞ്ചിനീയറിംഗ് വർക്ക്സ് | സി കെ ദിനേഷ്കുമാർ | 5 | 1 |
| 2 | വെസ്റ്റേൺ എന്റർപ്രൈസസ് | എം എ മുനീർ | 4 | 3 |
| 3 | ഡെന്റൽ സ്പെഷ്യാലിറ്റി ക്ലിനിക്ക് | ഡോ. പി കെ രാജു രാജ് | 5 | 48 |
| 4 | സംഘം റൈസ് മിൽ | മുഹമ്മദാലി | 4 | 63 |
| 5 | ഇവോൾട്ട് മൊബിലിറ്റി പ്രൈ. ലിമിറ്റഡ് | സിൽജു യു | 38 | 87 |
| 6 | നാഷണൽ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് | ശ്രീജ കെ വി | 4 | 94 |
| 7 | മകം ബിൽഡിംഗ് പ്രൊഡക്ട്സ് | രാജശ്രീ വി | 5 | 96 |
| 8 | കെ വി വി സൂപ്പർ ബസാർ | സിംപിൾ സി ഗോപി | 3 | 101 |
| 9 | ഫ്ലോർ വേൾഡ് | സീന ഉണ്ണി | 20 | 105 |
| 10 | ഫോർച്ച്യൂൺ ഹിൽസ് - ടി എം അസോസിയേഷൻ | കെ കെ ഭഗീരഥൻ | 24 | 128 |
| 11 | വൈറ്റ് സാന്റ് | അർസൽ പി എം | 5 | 130 |
| 12 | യുവർ ചോയ്സ് സൂപ്പർ മാർക്കറ്റ് | രുഗ്മിണി എ | 3 | 133 |
| 13 | പി കെ ദാസ് മൾട്ടി സ്പെഷാലിറ്റി ക്ലിനിക്ക് | പി കൃഷ്ണദാസ് | 8 | 140 |
| 14 | പ്രീതി ക്ലിനിക്ക് | പ്രീതി മുരളി | 4 | 152 |
| 15 | ജ്യൂയ്സി എൻ ബർഗർ | മുഹമ്മദ് ഷിയാസ് പി | 5 | 168 |
| 16 | യുവ എന്റർപ്രൈസസ് | കാർത്തിക് എം | 3 | 170 |
| 17 | ബോസ് ഗ്രൂപ്പ് ഓഫ് കമ്പനീസ് | പ്രതാപ് കെ ബി | 3 | 177 |
| 18 | ബെസ്റ്റ് ഫിറ്റ് ഹെൽത്ത് എക്യൂപ്മെന്റ് | സതീഷ് കെ എൻ | 4 | 195 |
| 19 | കിലോ ലോജിസ്റ്റിക്സ് | അനീഷ് കുമാർ വി | 6 | 211 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

1-15-2 റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | അബ്ദുൾ മുത്തലിഫ് വി എ |
| 2 | രമേഷ് വി ആർ |

| | |
|---|---|
| 3 | രമേഷ് എൻ സി |
| 4 | ബഷീർ സി എം |
| 5 | അബ്ദുൾ ഖാദർ |
| 6 | ഷംസുദ്ദീൻ ടി വി |
| 7 | മുഹമ്മദ് ബഷീർ |
| 8 | വേലായുധൻ എ |

1-15-3 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | കണ്ണമ്പരിയാരം ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 2 | കിഴക്കുംമ്പുറം ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 3 | പൂലോടി ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 4 | അക്ഷയ ഇ കേന്ദ്രം, മങ്കര | I &II |
| 5 | അക്ഷയ ഇ കേന്ദ്രം, മാങ്കുറുശ്ശി | I &II |
| 6 | മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ശ്രീ മാങ്കുറുശ്ശി ഭഗവതി ക്ഷേത്രം | I &II |
| 7 | ആയുർ വൈദ്യ മന & എ വി | I &II |

| | | |
|---|---|---|
| | എം റെസ്റ്റോറന്റ്, മാങ്കുറുശ്ശി | |
| 8 | വൈശാഖ് ഫ്യൂവൽസ്, മങ്കര | I &II |
| 9 | പഞ്ചായത്ത് ഡ്രൈവർ (താൽക്കാലികം) | I &II |
| 10 | മങ്കര സർവ്വീസ് സഹകരണ ബാങ്ക്, മാങ്കുറുശ്ശി ബ്രാഞ്ച് | I &II * |

(* മങ്കര സർവ്വീസ് സഹകരണ ബാങ്ക്, മെയിൻ ബ്രാഞ്ചിന്റെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.)

1-15-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | മങ്കര സർവ്വീസ് സഹകരണ ബാങ്ക്, മാങ്കുറുശ്ശി ബ്രാഞ്ച് | I &II * |
| 2 | കണ്ണമ്പരിയാരം ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 3 | കിഴക്കുംമ്പുറം ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 4 | പൂലോടി ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 5 | അക്ഷയ ഇ കേന്ദ്രം, മങ്കര | I &II |
| 6 | അക്ഷയ ഇ കേന്ദ്രം, മാങ്കുറുശ്ശി | I &II |

| | | |
|---|---|---|
| 7 | ആയുർ വൈദ്യ മന & എ.വി.എം റെസ്റ്റോറന്റ്, മാങ്കുറുശ്ശി | I &II |
| 8 | വൈശാഖ് ഫ്യൂവൽസ്, മങ്കര | I &II |

(*മങ്കര സർവ്വീസ് സഹകരണ ബാങ്കിന്റെ മെയിൻ ബ്രാഞ്ചിന്റെ സ്ഥാപന തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.)

### 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്നുള്ള പരിശോധനയാണ് നടത്തിയിട്ടുള്ളത്. 2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട താഴെ പറയുന്ന അപാകങ്ങൾ ഓഡിറ്റ് എൻക്വയറി (നം. 13/27.12.2022) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-16-1 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 14 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ള 1027 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. മാത്രമല്ല 2020-21 ൽ 226 വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2021-22 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 211 (275 കെട്ടിടങ്ങളിലായി) എണ്ണം മാത്രമാണ്. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-16-2 റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിലെ ക്രമനം 149, 132, 139 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും കള്ള് ഷാപ്പുകൾക്കും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് അവശ്യമാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, കിഴക്കുംമ്പുറം, പൂലോടി എന്നീ ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-16-3 ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ്

ഈടാക്കുന്നില്ല

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 | മിനി എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 1000 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും | |
| 3 | സ്മാൾ എന്റർപ്രൈസസ് | ഉൽപാദന മേഖല | ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 5000 |
| | | സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും | |
| 4 | മീഡിയം എന്റർപ്രൈസസ് | ഉൽപാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടിയിൽ | 10000 |

| | | | | |
|---|---|---|---|---|
| | | | രൂപയിൽ അധികരിക്കാത്തതും | |
| | | സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും | |
| 5 | ലാർജ് എന്റർപ്രൈസസ് | ഉൽപാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും വിവിധ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | ശ്രീകൃഷ്ണ റൈസ് ഫ്ലവർ & ഓയിൽ മിൽ | വിനോദചന്ദ്രൻ കെ | 2 | 200 |
| 2 | ആൻകർ സ്ട്രക്ചറൽസ് | ഡോ. ശശി ഏല്ലൂർ | 4 | 2500 |
| 3 | രാകേഷ് ജ്വല്ലറി വർക്സ് | രാധാകൃഷ്ണൻ | 12 | 100 |
| 4 | കാർത്തിക ഇലക്ട്രിക്കൽസ് | ശശി കെ | 35 | 300 |
| 5 | ബെസ്റ്റ് ഫ്യൂവൽസ് | മിനി എം പി | 39 | 2000 |
| 6 | പി കെ എം ട്രെഡേഴ്സ് | സറീന സി കെ | 45 | 200 |
| 7 | സംഘം റൈസ് മിൽ | മുഹമ്മദാലി | 63 | 2000 |
| 8 | വി വി കെ റൈസ് മിൽ | സജയ്കുമാർ വി കെ | 75 | 300 |

| | | | | |
|---|---|---|---|---|
| 9 | കെ എസ് ബി സി ഔട്ട്ലെറ്റ് | കൃഷ്ണൻകുട്ടി ടി പി | 88 | 4000 |
| 10 | ഫൺ സിറ്റി | പി സുകുമാരൻ നായർ | 119 | 2000 |
| 11 | യുവർ ചോയ്സ് സൂപ്പർ മാർക്കറ്റ് | രുഗ്മിണി എ | 133 | 1500 |
| 12 | വെൽകം ഹാർഡ്‌വെയർ | സെയ്ത് മുഹമ്മദ് ടി വൈ | 188 | 100 |

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് പഞ്ചായത്ത് തലത്തിൽ നിർണ്ണയിക്കേണ്ടതും ആയത് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-17 കെട്ടിട വാടക – അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എസ് സി വിപണന കേന്ദ്രത്തിലെ 10 മുറികളിൽ 5 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിട വാടക രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന അപാകങ്ങൾ ഓഡിറ്റ് എൻക്വയറി (നം. 22/28.12.2022) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17-1 വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ, പ്രിയദർശനി കല്യാണ മണ്ഡപം എന്നിവയുടെ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17-2 ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കേണ്ടതാണ്

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതാണ്. വാടകക്കാരുമായുള്ള കരാറുകൾ പരിശോധിച്ചതിൽ ചട്ട പ്രകാരമുള്ള മാതൃകയിൽ

കരാർ ചമച്ചതായി കാണുന്നില്ല. മാത്രമല്ല മാങ്കുറുശ്ശി ഓർകിഡ് കുടുംബശ്രീയുമായി പഞ്ചായത്ത് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമച്ചിട്ടില്ല. ചട്ട പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ എല്ലാ വാടകക്കാരുമായും നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-17-3 വാടകയിന്മേൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല

2020-21 സാമ്പത്തിക വർഷത്തെ അതെ മാസ വാടകയ്ക്കാണ് 2021-22 സാമ്പത്തിക വർഷത്തിലും കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. 5% വാർഷിക വർദ്ധനവ് വരുത്താതെ കടമുറികൾ വാടകയ്ക്ക് നൽകിയത് മൂലം പഞ്ചായത്തിന് വാടകയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

1-17-4 വാടക കുടിശ്ശിക നിലനിൽക്കുന്നു

പഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം കെട്ടിടങ്ങളുടെ വാടക ഇനത്തിൽ ആകെ 37974/- രൂപ (തൻവർഷ കുടിശ്ശിക 22534/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 15440/- രൂപ) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. വാടക ഇനത്തിലെ മുൻവർഷങ്ങളിലെ കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാനാവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17-5 ഒഴിഞ്ഞ് കിടക്കുന്ന മുറികൾ പുനർലേലം ചെയ്യേണ്ടതാണ്

എസ് സി വിപണന കേന്ദ്രത്തിലെ 10 മുറികളിൽ ഒഴിഞ്ഞ് കിടക്കുന്ന 5 മുറികൾ വാടകയ്ക്ക് നൽകുവാനായി മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. മുറികൾ 2021-22 വർഷത്തിൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ വേണ്ട വിധത്തിലുള്ള ലേല പരസ്യം നൽകി, ആയവ പുനർലേലം ചെയ്ത് നൽകി വാടക ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുവാനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ഒരേ ഉടമസ്ഥന്റെ ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത് പുന:പരിശോധിക്കേണ്ടതാണ്

സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതായി കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു (സഞ്ചയയിലെ വാർഡ് 1 മുതൽ 7 വരെയുള്ള അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം).

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 1/169 | മണി, പന്നിപറമ്പ് | 49 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 1/173 | | 46 | |

| | | | | |
|---|---|---|---|---|
| 2 | 1/178 | രാമൻ, പറപ്പള്ള വീട് | 59 | ,, |
| | 1/194 | | 36 | |
| 3 | 1/195 | സതീദേവി, ശശിനിവാസ് | 38 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 1/195 കെട്ടിടത്തിന്റെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്നും 1/196 കെട്ടിടത്തിന്റെ Tax Exemption Type എന്ന കോളത്തിൽ വിമുക്ത ഭടൻമാരുടെ വാസഗൃഹം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| | 1/196 | | 37.49 | |
| 4 | 1/227 | രാമകൃഷ്ണൻ, അരങ്ങാട്ട് വീട് | 143.08 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 1/230 കെട്ടിടത്തിന്റെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്നും 1/227 കെട്ടിടത്തിന്റെ Tax Exemption Type എന്ന കോളത്തിൽ വിമുക്ത ഭടൻമാരുടെ വാസഗൃഹം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| | 1/230 | | 46 | |
| 5 | 1/295 | ആദൻകുട്ടി, അരങ്ങാട് വീട് | 40 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 1/296 | | 47 | |
| 6 | 3/130 | മണികണ്ടൻ, കണ്ണത്താംപറമ്പ് | 58 | ,, |
| | 3/131 | | 40 | |
| 7 | 4/243 | തങ്ക, കണ്ടുപറമ്പ് | 25 | ,, |
| | 4/245 | | 25 | |
| 8 | 5/19 | മാണിക്ക്യൻ, ചേത്തക്കാട് വീട് | 35 | ,, |
| | 5/22 | | 50 | |
| 9 | 5/129 | രാജൻ, വല്ലൂർതൊടി | 50 | ,, |
| | 5/130 | | 50 | |

| | | | | |
|---|---|---|---|---|
| 10 | 5/228<br>5/229 | ഓമന,<br>മേലേത്തൊടി | 26<br>31 | ,, |
| 11 | 6/29<br>6/30 | പി രാധാകൃഷ്ണൻ നായർ,<br>ചെമ്മങ്ങാട് വീട് | 16<br>16 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. |
| 12 | 6/45<br>6/46 | കാളി,<br>മൈലാവിൽ | 30<br>35 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 13 | 6/402<br>6/403 | റോസമ്മ,<br>തടത്തിൽ വീട് | 30<br>30 | ,, |
| 14 | 7/8<br>7/9 | സുഭാഷ് എം വി,<br>രാജേഷ് എ സി | 60<br>35 | ,, |
| 15 | 7/60<br>7/61 | കുപ്പൻ,<br>കോട്ടയിൽ | 32<br>36 | ,, |
| 16 | 7/109<br>7/110 | അച്ചുതൻ കുട്ടി,<br>ചേറ്റൂർ വീട് | 50<br>92 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 7/109 കെട്ടിടത്തിന്റെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്നും 7/110 കെട്ടിടത്തിന്റെ Tax Exemption Type എന്ന കോളത്തിൽ വിമുക്ത ഭടൻമാരുടെ വാസഗൃഹം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| 17 | 7/148 | സൈനബ,<br>താവളം | 20 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന |

| | | | | |
|---|---|---|---|---|
| | | | | കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് |
| | 7/149 | | 32 | രേഖപ്പെടുത്തിയിരിക്കുന്നു. |

16.12.2015 ലെ സ.ഉ(എം.എസ്) നം.358/15/തസ്വഭവ പ്രകാരം 60 ച.മി.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബനാഥൻ/നാഥയുടെ പേരിലുള്ള സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ പട്ടിക പ്രകാരം ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/29.12.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയയിലെ 1 മുതൽ 14 വരെയുള്ള മുഴവൻ വാർഡുകളുടെയും അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത് പുന:പരിശോധിച്ച് അർഹമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 വെള്ളക്കരം - കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരം വെള്ളക്കരം ഇനത്തിൽ ആകെ 331370/- രൂപ (തൻവർഷ കുടിശ്ശിക 45144/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 286226/- രൂപ) ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

നിലവിൽ കോട്ട കാരാട്ട് കുടിവെള്ള പദ്ധതി മാത്രമാണ് പഞ്ചായത്ത് നേരിട്ട് നടത്തുന്നത്. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി പഞ്ചായത്ത് തൻവർഷം 107244 രൂപ ചെലവഴിച്ചിട്ടുണ്ട് (വൈദ്യുതി ചാർജ് - 34244 രൂപ, പമ്പ് ഓപ്പറേറ്ററുടെ വേതനം - 73000). എന്നാൽ തൻവർഷം ലഭിച്ചിട്ടുള്ള ആകെ വെള്ളക്കരം 15144 രൂപ മാത്രമാണ് (വാട്ടർ ചാർജ് (തൻവർഷം) - 11976 രൂപ, വാട്ടർ ചാർജ് (കുടിശ്ശിക) - 3168 രൂപ).

ഗാർഹിക, വാണിജ്യ ഉപഭോക്താക്കളുടെ എണ്ണം, ഈടാക്കുന്ന ഫീസ്/കരം, ഓരോ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാനുള്ള വെള്ളക്കര കുടിശ്ശിക വിവരം, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള മേൽ നടപടികളുടെ വിവരം, ഇത് സംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കുവാനായി ഓഡിറ്റ് എൻക്വയറി (നം. 23/29.12.2022) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ഓരോ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാനുള്ള വെള്ളക്കര കുടിശ്ശികയുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വെള്ളക്കര കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്. ആയതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

2. വെള്ളക്കരത്തിന്റെ ഡി സി ബി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രൊജക്റ്റ് നം., പേര് - 27/22, ഹോമിയോപ്പതി മരുന്നുകളും ഡിസ്പെൻസിംഗ് സാമഗ്രികളും വാങ്ങൽ

അടങ്കൽ - 240000 രൂപ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 240000 രൂപ (ബിൽ നം. 01/21-22/18.12.2021)

പ്രൊഫോർമ ഇൻവോയ്സ് നം. - PF 629/24.09.2021
നിർവഹണം – മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് 240000 രൂപ നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 34306403911, എസ് ബി ഐ). എന്നാൽ നാളിതുവരെ 19160 രൂപയുടെ (ഇൻവോയ്സ് നം. LF 182/18.06.2022) മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കുവാനായി സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/28.12.2022) ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പ്രൊഫോർമ ഇൻവോയ്സ് (നം. PF 629/24.09.2021) പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി മരുന്നുകളുടെ ബാച്ച് നം., എക്സ്പെയറി തീയതി എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

തൻവർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ പറളി, പത്തിരിപ്പാല എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകളുടെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര് | അടങ്കൽ- 1445000 | ഇ - ജിഎസ് നം./തിയതി | തുക |
|---|---|---|---|
| 96/22, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | സി .എഫ്. സി ഗ്രാന്റ് | P/6, 22101019/ 24-01-22, പറളി സബ് സെക്ഷൻ | 201072- |
| | | P/8-22101158/ 14-02-22, പറളി സബ് സെക്ഷൻ | 219834 |
| | | P/42,22101330/ 22-03-22, പത്തിരിപാല സബ് സെക്ഷൻ | 210040 |
| | | P/46, 22101378/ 26-03-22, | 416394 |

| | | |
|---|---|---|
| | പത്തിരിപാല സബ് സെക്ഷൻ | |
| | P/19,22101275/ 09-03-22, പത്തിരിപാല സബ് സെക്ഷൻ | 397660 |
| ആകെ | 1445000- | |

തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എൻക്വയറി നം-19/28-12-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-22 ഓഡിറ്റ് ഇംപാക്റ്റ്-തെരുവ് വിളക്ക് - വൈദ്യുതി ചാർജ്ജ് - കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി 998267/-ധനനഷ്ടം ഒഴിവായി

പത്തിരിപ്പാല കെ.എസ്.ഇ.ബി സെക്ഷൻ കീഴിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്റർ റീഡിംങ് സംവിധാനം എർപ്പെടുത്തിയിട്ടും 8/20 മുതൽ 10/22 വരെ പഴയ ബിൽ പ്രതിമാസ തുകയായ 54730/- രൂപയുടെ ഡിമാന്റ് നോട്ടീസാണ് നൽകിയിട്ടുള്ളത്. 1059850/- രൂപയുടെ ഡിമാന്റ് നോട്ടീസ് ലഭിച്ചതിനെ തുടർന്ന് സെക്രട്ടറി നേരിട്ട് ഇടപ്പെടുകയും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ ഭാഗമായി 54730/- രൂപ ക്രമീകരിച്ച് 3236/- രൂപയിലേക്ക് നിജപ്പെടുത്തുകയും ചെയ്തു. 3236/- രൂപ പ്രകാരം 19 മാസത്തേയ്ക്കുള്ള തുക (3236x19=61464) മാത്രം അടവാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഇപ്രകാരം വൈദ്യുതിചാർജ്ജിനത്തിൽ 998386/- (1059850-61464) ധനനഷ്ടം ഒഴിവാകുകയും ചെയ്തു. കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുവാൻ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ശുപാർശ ചെയ്തിരുന്നു.

### 1-23 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ പരിശോധയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നം. 67 – നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി – വനിതകൾക്ക്

സർക്കാർ ഉത്തരവ് (എം.എസ്.) 11/18 ത.സ്വ.ഭ.വ, തീയതി 29.01.2018- പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 6.3 ലെ നിബന്ധനകൾ പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗ രേഖ ഖണ്ഡിക 6.3(III) അനുസരിച്ച്, വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കരുതെന്ന് നിബന്ധനയുണ്ട്. ഇതിനു വിരുദ്ധമായി ഈ പ്രൊജക്റ്റ് വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തിയത് പദ്ധതി മാർഗ്ഗരേഖ നിബന്ധനകൾക്ക് എതിരാണ്.

2. പ്രാജക്റ്റ് നം. 69 – ജൈവ പച്ചക്കറി കൃഷി വനിതകൾ

മേൽ പദ്ധതി പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് 40000 പച്ചക്കറി തൈകൾ കാർഷിക കർമ്മസേനയിൽ നിന്നും ലഭ്യമാക്കി (ബിൽ നം. 125/25.01.2022) 400 ഉണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

100000 രൂപ (ട്രഷറി ബിൽ നം. 09/21-22/14.02.2022) കാർഷിക കർമസേന സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (നം. 34611461570, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് മങ്കര കാർഷിക കർമ്മസേനയുടെതാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകൾ പ്രൊജക്ട് ഫയലുകളിൽ സൂക്ഷിച്ചതായി കാണുന്നില്ല.

മേൽ അപാകങ്ങൾ ഓഡിറ്റ് എൻക്വയറി (നം. 08/27.12.2022) മുഖേന കൃഷി ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ, പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ എന്നിവ പാലിച്ച് കാർഷിക പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2. മങ്കര കാർഷിക കർമസേനയുടെ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ – തുക വകമാറ്റി ചെലവഴിച്ചിരിക്കുന്നു

പ്രൊജക്ട് നം. 83/22, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ

അടങ്കൽ - 400000/- രൂപ

ഫണ്ട് – വികസന ഫണ്ട് (പൊതു വിഭാഗം) – 400000/- രൂപ

ചെലവ് - 399650/- രൂപ

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കിടപ്പിലായ രോഗികളെ വീട്ടിൽ ചെന്ന് പരിചരിക്കുകയും ആവശ്യമായ മരുന്നുകളും സാമഗ്രികളും നൽകലുമാണ് പദ്ധതി ലക്ഷ്യം. പദ്ധതി പ്രകാരം മരുന്നുകളും മറ്റു സാമഗ്രികളും വാങ്ങുന്നതിനായി 20000 രൂപയും വീൽ ചെയറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 10000 രൂപയും സന്നദ്ധ പ്രവർത്തകർക്ക് തുടർ പരിശീലനത്തിനായി 10000 രൂപയും രജിസ്റ്ററുകൾ, സ്റ്റേഷനറി വാങ്ങുന്നതിനായി 2760 രൂപയും വകയിരുത്തിയിട്ടുണ്ട്.

എന്നാൽ പദ്ധതി പ്രകാരം 17830 രൂപയ്ക്ക് ജനൗഷധിയിൽ നിന്നും മരുന്ന വാങ്ങിയതൊഴിച്ചാൽ ബാക്കി തുക മുഴുവനും പാലിയേറ്റീവ് കെയർ നഴ്സിനുള്ള ഓണറേറിയം, കമ്മ്യൂണിക്കേഷൻ അലവൻസ്, ഡ്രൈവറുടെ വേതനം, വാഹനത്തിന്റെ ഫ്യൂവൽ ചാർജ്, ഭക്ഷണ ചെലവ് എന്നീ ഇനങ്ങൾക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

ആവശ്യമായ തുക വകയിരുത്തിയിട്ടും കിടപ്പിലായ രോഗികൾക്ക് ആവശ്യമായ വീൽ ചെയറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകാത്തതിനും പദ്ധതി പ്രകാരം വകയിരുത്തിയ തുകകൾ വകമാറ്റി ചെലവഴിച്ചതിനുമുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/28.12.2022) ആവശ്യമായ വീൽ ചെയറും അനുബന്ധ ഉപകരണങ്ങളും നിലവിൽ എല്ലാ കിടപ്പ് രോഗികൾക്കും ഉള്ളതിനാലാണ് വാങ്ങി നൽകാതിരുന്നതെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പദ്ധതി പ്രകാരം വകയിരുത്തിയ തുകകൾ അതാത് ഇനങ്ങൾക്ക് മാത്രം ചെലവ് ചെയ്യുവാനും വകമാറ്റി

ചെലവ് ചെയ്യുകയാണെങ്കിൽ വിവരം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ അംഗീകാരം വാങ്ങുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-25 ജൈവ വൈവിധ്യ പദ്ധതി - സാംഖ്യാ ബിൽ, അനുബന്ധ ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് നൽകിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 194, ജൈവ വൈവിധ്യ പദ്ധതി |
| അടങ്കൽ | 524230/- രൂപ (തനത് ഫണ്ട് - 237615/- രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 286615/- രൂപ) |
| ചെലവ് | 237615/- രൂപ (തനത് ഫണ്ട്) |
| നിർവഹണം | കൃഷി ഓഫീസർ |

മേൽ പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 237615 രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ചെലവിന്റെ സാംഖ്യാ ബില്ലുകൾ, അനുബന്ധ ചെലവുരേഖകൾ എന്നിവ പരിശോധനയ്ക്ക് നൽകിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി ഓഡിറ്റ് എൻക്വയറി (നം. 08/27.12.2022) നൽകിയെങ്കിലും ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ചെലവുകളുടെ സാംഖ്യാ ബിൽ, അനുബന്ധ ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിലുള്ള 237615/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ വാഹന ഉപയോഗം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(എം.എസ്) 170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 02.08.2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31.03.2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് മെഡിക്കൽ ഓഫീസർ കസ്റ്റോഡിയനായിട്ടുള്ള പെയിൻ ആന്റ് പാലിയേറ്റീവ് കെയർ വാഹനം KL-09 AD-6138 ഒമിനിയുടെ 2021-22 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

തൻവർഷം വാഹനത്തിന്റെ ഉപയോഗത്തിനായി 27400 രൂപയുടെ ഇന്ധനം ബെസ്റ്റ് ഫ്യൂവൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ

സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്
2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
3. റിപ്പയർ രജിസ്റ്റർ
4. ഫ്യുവൽ രജിസ്റ്റർ

എന്നാൽ ലോഗ് ബുക്ക് മാത്രമാണ് സൂക്ഷിച്ചു വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തുന്നില്ല.
- ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് 2020-21, 2021-22 വർഷങ്ങളിൽ നടത്തിയിട്ടില്ല എന്ന് കാണുന്നു.
- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.
- വാഹനത്തിന്റെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/28.12.2022) വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്രപത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്.എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ

കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. സ.ഉ.(സാധാ) നം.1444/2021/തസ്വഭവ തിയതി, 31-7-2021 പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവൃത്തികളുടെ കാലാവധി പിഴയില്ലാതെ പരമാവധി 6 മാസം വരെ നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ കാലാവധിക്കുള്ളിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല വിശദ വിവരം ചുവടെചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 97/22 ആശ്രമം റോഡ് സൈഡ് പ്രൊട്ടക്ഷൻ (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 365000 മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 2 | PAC | 322096 |
| 3 | കരാറുകാരൻ - | മുഹമ്മദ് ബഷീർ. സി.എം |
| 4 | സാങ്കേതികാനുമതി | LSGD/TS/2019-20/108906 /04.10.2019 (8 മാസം) |
| 5 | എഗ്രിമെന്റ് നം.: | 02/2020-21/AE/LSGD /MKRA/തീ.12.05.2020 |
| 6 | പാർട്ട് ബിൽ | 211/04.02.2021- 249198 രൂപ |
| 7 | ബിൽ/വൗച്ചർ നം. | 20/22 തീ.19.11.2021 - 111550 രൂപ |
| 8 | എം.ബുക്ക് നം. | 31/20-21 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 11.01.2021 |
| 10 | പൂർത്തീകരിച്ച തീയ്യതി | 07.10.2021 (അവസാന ചെക്ക് മെഷർ) |
| 11 | ഈടാക്കേണ്ടത് (3%) | 322096x3/100= 9663 |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 9663 |

കുറിപ്പ് * 18.05.2020 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. ടിയാന് കോവിഡ് 19 ബാധിച്ചതിനാൽ, പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും 30.10.2021 വരെ കാലാവധി ദീർഘിപ്പിക്കുന്നതിന് 10.03.2021 ന് അപേക്ഷ സമർപ്പിച്ചിക്കുകയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അനുവദനീയമായ പരിധിയിൽ അധികരിച്ച് കാലാവധി ദീർഘിപ്പിച്ച നൽകിയത് പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്. പിഴ ഈടാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/27.12.2022) കൃഷി സ്ഥലമായതിനാൽ വിളവെടുപ്പ് കഴിയാത്തതിനാലും റോഡിന്റെ സൈഡിൽ സ്വകാര്യ വ്യക്തികൾ സ്ഥലം സംബന്ധിച്ച അവകാശവാദം ഉന്നയിച്ചതുമാണ് വൈകുന്നതിന് ഇടയായതെന്ന് മറുപടി നൽകിയിട്ടുണ്ട്.

| ക്രമ നം (2) | പ്രവൃത്തിയുടെ വിവരം | 144/22 കല്ലൂർ വെറ്ററിനറി സെന്റർ പുനരുദ്ധാരണം, കുടിവെള്ള സൗകര്യം ഒരുക്കൽ (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 261000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| 2 | PAC- | 225196 |
| 3 | കരാറുകാരൻ - | വിവേകാനന്ദൻ.പി |
| 4 | സാങ്കേതികാനുമതി | LSGD/TS/2019-20/79854 /26.09.2019 (6 മാസം) |
| 5 | എഗ്രിമെന്റ് നം.: | 42/2019-20/AE/LSGD /MKRA/തീ.04.11.2019 |
| 6 | പാർട്ട് ബിൽ | 280/22.03.2021- 185000 രൂപ |
| 7 | ബിൽ / വൗച്ചർ നം.നം. | 14/22 തീ.30.06.2021 - 42065 രൂപ |
| 8 | എം.ബുക്ക് നം. | 48/20-21 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 03.05.2020 |
| 10 | പൂർത്തീകരിച്ച തീയ്യതി | 03.03.2021 (അവസാന ചെക്ക് മെഷർ) |
| 11 | ഈടാക്കേണ്ടത് (3%) | 225196 X3/100= 6756 |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 6756 |

കുറിപ്പ് * 08.11.2019 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. കോവിഡ് 19 മൂലം ലോക്ക്ഡൗൺ ആയതിനാൽ , പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും കാലാവധി ദീർഘിപ്പിക്കുന്നതിന് തിയതി രേഖപ്പെടുത്തിയിട്ടില്ലാതെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.എന്നാൽ കാലാവധി ദീർഘിപ്പിച്ചുനൽകിയതായി ഫയലിൽ കാണുന്നില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/27.12.2022) കോവിഡ് 19 മൂലം ലോക്ക്ഡൗൺ ആയതിനാൽ , പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്ന് മറുപടി നൽകിയിട്ടുണ്ട്.

| ക്രമ നം (4) | പ്രവൃത്തിയുടെ വിവരം | 103/22 പകൽവീട് അടിസ്ഥാന സൗകര്യം ഒരുക്കൽ (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 250000 വികസനഫണ്ട് |
| 2 | PAC- | 158026 |
| 3 | കരാറുകാരൻ - | മുഹമ്മദ് ബഷീർ.സി.എം |
| 4 | സാങ്കേതികാനുമതി | LSGD/TS/2020-21/95733 /19.10.2020 (6 മാസം) |
| 5 | എഗ്രിമെന്റ് നം.: | 62/2020-21/AE/LSGD /MKRA/തീ.06.11.2020 |
| 6 | സൈറ്റ് കൈമാറിയത് | 21.12.2020 ( ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ വൈകി) |
| 7 | പാർട്ട് ബിൽ | 311/31.03.2021- 149701 രൂപ |
| 8 | ബിൽ / വൗച്ചർ നം.നം. | 31/22 തീ.16.02.2022 - 93781 രൂപ |
| 9 | എം.ബുക്ക് നം. | 64/20-21 |
| 10 | പൂർത്തീകരിക്കേണ്ട തീയ്യതി: | 20.06.2021 |
| 11 | പൂർത്തീകരിച്ച തീയ്യതി | 31.01.2022 (അവസാന ചെക്ക് മെഷർ) |
| 12 | ഈടാക്കേണ്ടത് (1%) | 158026 X3/100= 1580 |
| 13 | ഈടാക്കിയത് | 0 |
| 14 | കുറവ് | 1580 |

കുറിപ്പ് * 21.12.2020 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. കോവിഡ് 19 മൂലം ലോക്ക്ഡൗൺ ആയതിനാൽ , പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും 05.02.2022 വരെ കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും അനുവദിച്ചു നൽകിയതായും കാണുന്നുണ്ട്. അനുവദനീയമായ പരിധിയിൽ അധികരിച്ച് കാലാവധി ദീർഘിപ്പിച്ചു നൽകിയത് പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/27.12.2022) ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള തുക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു, ആയത് ബഹു.കോങ്ങാട് എം.എൽ.എ യുടെ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലഭിക്കുമെന്ന് പറഞ്ഞതിനാൽ സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയും പാർട്ട് ബിൽ നൽകുകയും ചെയ്തു,എന്നാൽ എം.എൽ.എ യുടെ ഫണ്ട് ലഭിക്കാത്തതിനാൽ പദ്ധതിയിൽ വകയിരുത്തിയ തുക ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ടിവന്നതിനാലാണ് വൈകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.

സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ ഈടാക്കേണ്ട 17999/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-28 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ ഫൈനൽ

ബിൽ തുക നൽകിയിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കുകയോ, കാലി ബാരൽ തിരികെ വാങ്ങുകയോ ചെയ്തിട്ടില്ല. ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കരാറുകാരന് എസ്റ്റിമേറ്റ് പ്രകാരമുള്ള പാക്ക്ഡ് ബിറ്റുമെൻ നിരക്ക് കണക്കാക്കിയാണ് പ്രവൃത്തിക്ക് നൽകിയിട്ടുള്ളത് കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടിതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 26400 രൂപ രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്. പ്രവൃത്തികൾക്കായി ഉപയോഗിച്ച ബാരലുകളുടെ വില 26400 രൂപ കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 16/27.12.2022) കാലി ബാരലിന്റെ വില കരാറുകാരനിൽനിന്ന് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക അടവാക്കുന്നതുവരെ 26400 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

1-29 വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗരേഖ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ (സ്പിൽ ഓവർ ) | വനിത ജിംനേഷ്യം സെന്ററിലേക്ക് മെറ്റീരിയൽസ് വാങ്ങൽ, 73/21 |
| അടങ്കൽ | 475000- വികസന ഫണ്ട് |
| ചെലവ് | 472802 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ | 26/22, 30-03-2022 |

വനിത ജിംനേഷ്യം സെന്ററിലേക്ക് മെറ്റീരിയൽസ് വാങ്ങൽ എന്ന പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി 10-03-2022 നു ടെണ്ടർ വിളിക്കുകയും രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വാങ്ങുന്ന ഇനങ്ങളോ, ജിംനേഷ്യം സാധനങ്ങളുടെ കൃത്യമായ തൂക്കമോ, സ്പെസിഫിക്കേഷനോ ടെണ്ടർ നോട്ടീസിൽ പറഞ്ഞിട്ടില്ല. ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ബിയോണ്ട് എന്റർ പ്രൈസ്, എറണാംകുളം സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതെ കൂടിയ നിരക്ക് രേഖപ്പെടുത്തിയ ബെസ്റ്റ് ഫിറ്റ് ഹെൽത്ത് എക്വിപ്പ്മെന്റ്, വെള്ളറോഡ് സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത് (പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 27-03-2022 യോഗ തീരുമാനം). ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/27-12-2022 ) കുറവ് നിരക്ക് രേഖപ്പെടുത്തിയ ബിയോണ്ട് എന്റർ പ്രൈസ്, എറണാകുളം എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ ജിംനേഷ്യം ഇനങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ കാണിച്ചിട്ടില്ലായെന്നും സാമ്പത്തിക വർഷ അവസാനമായതിനാൽ ഫണ്ട് ലാപ്സാവും എന്ന കാരണത്താൽ റീടെണ്ടർ ചെയ്തില്ല എന്നും അറിയിച്ചിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗത്തിൽ ഈ വിവരം ചർച്ച ചെയ്തിട്ടുണ്ട്.

സ.ഉ (കൈ) നം.22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി)നം.259/2010 /ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

ഓഡിറ്റ് നിർദ്ദേശം

ടെണ്ടറിൽ ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ

ഉൾപ്പെടുത്തുകയും പ്രസ്തുത സ്പെസിഫിക്കേഷൻ/ഗുണനിലവാരം പാലിച്ചിട്ടുണ്ടോ എന്ന് സാമ്പിൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

1-30 അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 8/22 | അങ്കണവാടികളിലെ പൂരകപോഷകാഹാര പദ്ധതി | 2322680 – വികസന ഫണ്ട് ,<br>500000- കേന്ദ്രാവിഷ്കൃത ഫണ്ട്, | 2322680<br>292008 |
| 11/22 | അങ്കണവാടികളിലെ പൂരകപോഷകാഹാര പദ്ധതി (എസ്.സി.പി) | 803300 വികസന ഫണ്ട് എസ്.സി.പി<br>100000- കേന്ദ്രാവിഷ്കൃത ഫണ്ട്, | 803300 |

മേൽ പ്രോജക്ടുകൾ പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി അമ്മു ഫുഡ്സ്, പിരായിരി എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന് 1762439/- തുക ചെലവഴിച്ചിട്ടുണ്ട്.

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന് 1762439/- രൂപ അമ്മു ഫുഡ്സ്,(കുടുംബശ്രീയൂണിറ്റ്- A/c No-1443261005072, Cnrb0001443) എന്ന സ്ഥാപനത്തിന് വിവിധ തിയ്യതികളിൽ നൽകിയിട്ടുണ്ട്. എന്നാൽ വാങ്ങലുകളിന്മേൽ GST ഇല്ലാത്ത ഭക്ഷ്യ വസ്തുക്കൾ ഒഴികെയുള്ള തുകയുടെ 2% ടി.ഡി.എസ്- ഈടാക്കിയിട്ടില്ല. ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച നൽകിയ എൻക്വയറി നമ്പർ ( 21/28-12-22) ലഭ്യമാക്കിയ മറുപടിയിൽ അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന് സ്ഥാപനത്തിനു നൽകുന്ന തുകയുടെ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്നുള്ള അറിവില്ലായിരുന്നു എന്നറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഈ കാര്യം ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-31 പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

A)

| പ്രൊജക്റ്റ് നമ്പർ-149/22 ജനറൽ | അടങ്കൽ | ചെലവ് |
|---|---|---|
| വീട് വാസയോഗ്യമാക്കൽ ആശ്രയ വികസന ഫണ്ട് | 100000- | 50000/- |
| നിർവ്വഹണം- വി ഇ ഒ | | |

വീട് വാസയോഗ്യമാക്കൽ പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയിട്ടും ചില ഗുണഭോക്താക്കൾ നാളിതുവരെയായി പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടില്ല എന്ന് വ്യക്തമായി. ഈ ഗുണഭോക്താക്കൾ വീട് പുനരുദ്ധാരണം പൂർത്തിയാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, നിലവിലെ സ്ഥിതിയും അറിയിക്കേണ്ടതാണ്. പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് വീട് പുനരുദ്ധാരണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്-വിലാസം | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | കുട്ടൻ നായർ, വാർഡ്-12 A/c.No.10567694851 SBI-Mankara | 50000/- തിയ്യതി 30.03.2021 | 50000/- |

മേൽ ഗുണഭോക്താവ് കഴിഞ്ഞ വർഷം ബിൽ നം-46/21, 30-03-21 പ്രകാരം 50000/-രൂപ ഒന്നാം ഗഡു കൈപ്പറ്റിയിട്ടുണ്ട്. കൈപ്പറ്റിയ തുകയുടെ യൂട്ടിലൈസേഷൻ സട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ രണ്ടാം ഗഡു അനുവദിച്ചിട്ടില്ല.

B)

| പ്രൊജക്റ്റ് നമ്പർ-74/22 ജനറൽ | അടങ്കൽ | ചെലവ് |
|---|---|---|
| വീട് വാസയോഗ്യമാക്കൽ ആശ്രയ വികസന ഫണ്ട് | 100000- | 50000/- |
| നിർവ്വഹണം- വി ഇ ഒ | | ബിൽ നം-47/22, 18-03-22 |

പൂർത്തീകരിക്കാത്തവരുടെ വിവരം

| ക്രമ നമ്പർ | പേര്-വിലാസം | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശാന്ത,<br>വാർഡ്-12<br>A/c No. 30700374104, Sbi- Mankara | 25000/-<br>തിയ്യതി-<br>24-03-22 | 25000/- |
| 2 | ലക്ഷ്മി,<br>വാർഡ്-8 | 25000/-<br>തിയ്യതി-<br>24-03-22 | 25000/- |

C)

| പ്രൊജക്റ്റ് നമ്പർ-150/22<br>ജനറൽ<br>തനത് ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വീട് വാസയോഗ്യമാക്കൽ ആശ്രയ | 697500-<br>തനത്<br>ഫണ്ട് | 247500- |
| നിർവ്വഹണം- വി ഇ ഒ | | ബിൽ<br>നം-47/22,<br>18-03-22 |

പൂർത്തീകരിക്കാത്തവരുടെ വിവരം

| ക്രമ നമ്പർ | പേര്-<br>വിലാസം | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | മെഹറുന്നീസ്സ,<br>വാർഡ്-18 | 7500/-,<br>7-7-21 | 7500/- |
| 2 | വിജയകുമാരി,<br>വാർഡ്-10 | 7500/-,<br>7-7-21 | 7500/- |
| 3 | വള്ളി,<br>വാർഡ്-09 | 7500/-,<br>7-7-21 | 7500/- |
| 4 | കമലം മണി<br>വാർഡ്-4 | 7500/-,<br>7-7-21 | 7500/- |

D) വ്യക്തിഗത കക്കൂസ്

| പ്രൊജക്റ്റ് നമ്പർ-86/22 | അടങ്കൽ | ചെലവ് |
|---|---|---|
| വ്യക്തിഗത കക്കൂസ്<br>ശുചിത്വ മിഷൻ ഫണ്ട് | 10,78000 | 4,71000 |
| നിർവ്വഹണം- വി ഇ ഒ | | |

പൂർത്തീകരിക്കാത്തവരുടെ വിവരം

| ക്രമ നമ്പർ | പേര്-വിലാസം | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | സാവിത്രി , വാർഡ്-2 | 12000, 28-02-22 | 3400 |
| 2 | രുഗ്മിണി, വാർഡ്-14 | 12000, 28-02-22 | 3400 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ വീടുകൾ റിപ്പയർ പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ എൻക്വയറി നം.11/27-12-22 നൽകിയതിൽ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ വീട്ട റിപ്പയർ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നറിയിച്ചിട്ടുണ്ട്.
വ്യക്തിഗത കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് നിർമ്മാണം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല

അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238/- രൂപയും 18% GST ഉൾപ്പടെ ആകെ 281/- രൂപ ഈടാക്കേണ്ടതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | SS1 (182kg/barrel) | RS1 (200kg/barrel) | S-65/vg30 (161.80 Kg/barrel) |
|---|---|---|---|

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര്, എം. ബുക്ക് നം. | ഫൈനൽ ബിൽ തുക, ചെലവിന്റെ വിവരം | ഉപയോഗിച്ച ബിറ്റുമിന്റെ തരം, അളവ് (In Kg) | കാലി ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട ബാരൽ വില (@238/-) | GST@ 18% |
|---|---|---|---|---|---|---|---|
| 1 | 115/22 കുട്ടപുര ഹെൽത്ത് സെന്റർ കാപ്പിൽകുന്ന് റ റോഡ് മെയ്റ്റനൻസ് (സ്പിൽ ഓവർ | ജയദേവൻ.കെ 63/20-21 | 02/22 തീ.30.06.21 -199315 | VG30- 1503 | 9.20 | 2380 | 428 |
| | | | | RS1-173 | 1 | | |
| | | | | ആകെ | 10 | | |
| 2 | 115/22 കുനിയംപാടം ചീരക്കുഴി റോഡ് മെയിന്റനൻസ്-സ്പിൽ ഓവർ | ജയദേവൻ.കെ 58/20-21 | 03/22 തീ.30.06.21 -245150 | VG30-936.84 | 5.70 | 1904 | 343 |
| | | | | RS1-122.10 | 0.61 | | |
| | | | | SS1 -377 | 2.07 | | |
| | | | | ആകെ | 8 | | |
| 3 | 124/22 പുള്ളോട് തറ റോഡ് ടാറിംഗ് (സ്പിൽ ഓവർ) | രമേഷ്.വി.ആർ 56/20-21 | 05/22 തീ 30.06.21 -199141 | VG30-1220.23 | 7.54 | 1904 | 343 |
| | | | | RS1-140.11 | 0.73 | | |
| | | | | ആകെ | 8 | | |
| 4 | 106/22 വണ്ടവാഴ്ക്കാവ് നേതൃക്കാവ് കനാൽ റോഡ് ടാറിംഗ് | രമേഷ്.വി.ആർ 57/20-21 | 6/22 തീ.30.06.21-199332 | VG30-519.06 | 3.20 | 1190 | 214 |
| | | | | RS1-67.65 | 0.33 | | |
| | | | | SS1-209.10 | 1.14 | | |
| | | | | ആകെ | 5 | | |
| 5 | 114/22 കിഴക്കേപുര മാരാപറമ്പ് റോഡ് പുനരുദ്ധാരണം | രമേഷ്.വി.ആർ 60/20-21 | 07/22 തീ.30.06.21-199714 | VG30- 813.51 | 5.02 | 1428 | 257 |
| | | | | RS1-100.89 | 0.52 | | |
| | | | | SS1-150.72 | 0.82 | | |
| | | | | ആകെ | 6 | | |
| 6 | 121/22 കരുവാടതൊടി മുട്ടിക്കാട് റോഡ് റീ ടാറിംഗ് | രമേഷ്.വി.ആർ 35/20-21 | 08/22 തീ.30.06.21 -299361 | VG30-2247.91 | 13.89 | 3570 | 643 |
| | | | | RS1-255.75 | 1.27 | | |
| | | | | ആകെ | 15 | | |
| 7 | 118/22 തലപ്പൊറ്റ റോഡ് റീ ടാറിംഗ് | രമേഷ്.വി.ആർ 42/20-21 | 08/22 തീ.30.06.21-299504 | VG30-2101.88 | 12.99 | 3332 | 600 |
| | | | | RS1-239.25 | 1.19 | | |
| | | | | ആകെ | 14 | | |
| 8 | 110/22 പുറയത്ത് റോഡ് ടാറിംഗ് | മുഹമ്മദ് ബഷീർ.സി.എം 43/20-21 | 11/22 തീ.30.06.21 -299661 | VG30-2253.22 | 13.92 | 3570 | 643 |
| | | | | RS1-257.40 | 1.28 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | (സ്പിൽ ഓവർ) | | | ആകെ | 15 | | |
| 9 | 107/22 കണ്ടുപറമ്പ് കനാൽ റോഡ് ടാറിംഗ് (സ്പിൽ ഓവർ) | മുഹമ്മദ് ബഷീർ.സി.എം 45/20-21 | 13/22 തീ.30.06.21 -249608 | VG30-1885.92 | 11.65 | 3094 | 557 |
| | | | | RS1-218.54 | 1.09 | | |
| | | | | ആകെ | 13 | | |
| ആകെ | | | | | | 22372 | 4028 |

ഫൈനൽ ബിൽ നല്കുന്ന വേളയിൽ ബാരലുകളുടെ വില കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. മേൽ പറഞ്ഞ പ്രവൃത്തികൾക്കായി ഉപയോഗിച്ച ബാരലുകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/27.12.2022) തുക കരാറുകാരിൽനിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക അടവാക്കുന്നതുവരെ 26400/- രൂപ (22372+4028) നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 22.12.2022 മുതൽ 30.12.2022 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | മുന്നിരിപ്പ് | 31,589.00 | | 0 | 31,589.00 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 140000 | 67/22 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി വനിതകൾക്ക് | 140000 | 0 |
| | | 1001431 | 65/22 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 1001431 | 0 |
| | | 400000 | 166/22 ലൈഫ് ഭവന പദ്ധതി-എസ്.സി | 400000 | 0 |
| | | 48900 | 3/22 ഭിന്നശേഷി സ്കോളർഷിപ്പ് | 48900 | 0 |

| | | | | | |
|---|---|---|---|---|---|
| | | 100000 | 75/22 പാലിന് സബ്സിഡി | 100000 | 0 |
| | ആകെ | 1721920 | | 1690331 | 31589 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 124000 | 67/22 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 124000 | 0 |
| | | 395752 | 65/22 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 395752 | 0 |
| | | 320000 | 152/22 ലൈഫ് ഭവന പദ്ധതി | 320000 | 0 |
| | | 300000 | 166/22 ലൈഫ് ഭവന പദ്ധതി- എസ്.സി | 300000 | 0 |
| | | 100000 | 3/22 ഭിന്നശേഷി സ്കോളർഷിപ്പ് | 100000 | 0 |
| | | 50000 | 77/22 പാലിന് സബ്സിഡി (എസ്.സി) | 50000 | 0 |
| | | 150000 | 75/22 പാലിന് സബ്സിഡി | 150000 | 0 |
| | ആകെ | 1439752 | | 1439752 | 0 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചതിൽ നാളിതുവരെയായി ചെലവഴിക്കാതെ അവശേഷിക്കുന്ന 31589 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി (പറളി, പത്തിരിപ്പാല ഇലക്ട്രിക്കൽ | 96/22 വിവിധ വാർഡുകളിൽ വൈദ്യുത | 22101019/ 24-01-22 | 201072 | 0 | 201072 |
| | | 22101158/ 14-02-22 | 219834 | 0 | 219834 |

| | | | | | |
|---|---|---|---|---|---|
| സെക്ഷൻ) | ലൈൻ വലിക്കൽ | 22101330/ 22-03-22 | 210040 | 0 | 210040 |
| | | 22101378/ 26-03-22 | 416394 | 0 | 41639 |
| | | 22101275/ 09-03-22 | 397660 | 0 | 397660 |
| | | ആകെ | 1445000 | 0 | 1445000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

മുൻ വർഷങ്ങളിൽ എടുത്ത വായ്പാ തുക 13296401 രൂപ പൂർണ്ണമായും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. തൻവർഷത്തിൽ വായ്പയെടുത്തിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | LF 511/2018 /23.02.2018 | 13296401 | 11141734 | 997333 * | | 10144401 |

* ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും 13296401 രൂപ വായ്പയെടുത്തതിൽ,വികസനഫണ്ട് ജനറൽ നിന്നും 923999 രൂപയും, എസ്.സി.പിയിൽ നിന്നും73334 രൂപയും ഉൾപ്പെടെ 997333 രൂപ തൻവർഷത്തിൽ സ്രോതസ്സിൽനിന്നും കുറവ് ചെയ്തിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം./ തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2018-19 | 1-16 | 7410 | 121030101346/11.10.2021 | സരോജിനി സെക്രട്ടറി |
| 2005-06 | 2(1), 2-(2) | 1333 | 121030102841/22.01.2022 | കെ.ജയന്തകുമാർ സെക്രട്ടറി |
| | ആകെ | 8743 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകത | നിലവിൽ സമിതിയുടെ പരിഗണനയിൽ ആണ്. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 87170347 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70671403 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40371 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 237615 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 22372/- രൂപ | ശ്രീമതി.ശബ്ന. അസിസ്റ്റന്റ് എഞ്ചിനീയർ |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 17999 | ശ്രീമതി.ശബ്ന, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 237615 | ശ്രീമതി സ്മിത സാമുവൽ, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 3-1 | 2014<br>2014 | CGST<br>SCST | കേന്ദ്ര സർക്കാർ<br>സംസ്ഥാന സർക്കാർ | ശ്രീമതി.ശബ്ന, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശബ്ന. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് | E-1 C ന്യൂ സിവിൽ നഗർ പാലക്കാട് – 678001 |
| ശ്രീമതി. സ്മിത സാമുവൽ കൃഷി ഓഫീസർ | കൃഷി ഓഫീസർ മങ്കര ഗ്രാമപഞ്ചായത്ത് | പാലശ്ശേരി ഹൗസ് പറളി(പി.ഓ) പാലക്കാട് 678612 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | | |
|---|---|---|
| 2002-03 | എൽ.എഫ്.പി12 -929/05/3.2.05 | 9 |
| 2003-04 | എൽ.എഫ്.പി12-929/05/3.2.05 | 6 |
| 2004-05 | എൽ.എഫ്.പി 12-903/07/10.6.08 | 1 |
| 2005-06 | എൽ.എഫ്.പി 12-904/07/10.6.08 | 1 |
| 2006-07 | എൽ.എഫ്.പി 12-537/09/8.3.11 | 1 |
| 2009-10 | KSA PKD-17/364/2022(4)22.10.2022 (അദാലത്ത്) | 1 |
| 2012-13 & 2013-14 | KSA PKD-17/1595 /2021/07.12.2022(അദാലത്ത്) | 3 |
| 2015-16 | KSA PKD-17/1594 /2021/26.10.2022(അദാലത്ത്) | 2 |
| 2016-17 | KSA PKD-17-235/2022 /26.10.22(അദാലത്ത്) | 5 |
| 2017-18 | KSA PKD-17/95/2022 തീ.26.10.22(അദാലത്ത് ) | 5 |
| 2018-19 | KSA PKD-17/1597/26.10.2022(അദാലത്ത്) | 6 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി 17-929/2022 /17.06.2022 | മുഴുവൻ |
| 2020-21 | നം.കെ.എസ്.എ.പി.കെ.ഡി 17-1448/22 /08.07.22 | മുഴുവൻ |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം- 3

വരവ്- ചെലവ് പത്രിക സംക്ഷിപ്തം

| | | | |
|---|---|---|---|
| Mankara Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3828049.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 391734.00 |
| 140000000 | Fee & User Charges | I-4(b) | 518466.00 |
| 150000000 | Sale & Hire Charges | I-5(b) | 133252.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 155978963.00 |
| 171000000 | Interest Earned | I-8 | 31622.00 |
| 180000000 | Other Income | I-9 | 259355.00 |
| | Total Income | | 161141441.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13655381.00 |
| 220000000 | Administrative Expenses | I-11(b) | 784021.00 |
| 230000000 | Operations & Maintenance | I-12(b) | 1683333.00 |
| 240000000 | Interest & Finance Charges | I-13 | 4114.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6754144.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 70421874.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5814006.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 376616.00 |
| 254000000 | Expenditures of Transfered Institutions and State | I-14(d) | 46376714.00 |

| | | | |
|---|---|---|---|
| | Sponsored Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 13761700.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 46098.00 |
| 272000000 | Depreciation | I-17(a) | 3446652.00 |
| | Total Expenditure | | 163124653.00 |
| | Gross Surplus/ Deficit of income over Expenditure | | -1983212.00 |
| 280000000 | Prior Period Item | I-18 | -258123.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1725089.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Mankara Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15333082.00 |
| Cash | Cash | RP-40(a) | 125417.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 716930.00 |
| 130000000 | Rental income from Panchayat Properties | RP-3 | 334500.00 |
| 140000000 | Fees & User Charges | RP-4 | 362046.00 |
| 150000000 | Sale & Hire Charges | RP-5 | 133252.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51279818.00 |
| 171000000 | Interest Earned | RP-9 | 31622.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12189437.00 |
| 350000000 | Other Liabilities | RP-36 | 52063.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 219355.00 |

| | | | |
|---|---|---|---|
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 43450.00 |
| 340000000 | Deposits Received | RP-34 | 581776.00 |
| 350000000 | Other Liabilities | RP-36 | 243433.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5083417.00 |
| 460000000 | Loans, Advances and Deposits | RP-47 | 440749.00 |
| | Grand total | | 87170347.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5508786.00 |
| 220000000 | Administrative Expenses | RP-12 | 784021.00 |
| 230000000 | Operations & Maintenance | RP-13 | 1683333.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6754144.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17991073.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3928059.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 376616.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 705614.00 |
| 255000000 | Maintenance Projects | RP-20 | 13761700.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 46098.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5350.00 |
| 350000000 | Other Liabilities | RP-36 | 9420577.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 4114.00 |
| 280000000 | Prior Period Item | RP-26 | -19650.00 |
| 311000000 | Earmarked Funds | RP-29 | 3000.00 |
| 340000000 | Deposits Received | RP-34 | 603267.00 |
| 350000000 | Other Liabilities | RP-36 | 2555725.00 |
| 410000000 | Fixed Assets | RP-38 | 3135014.00 |
| 412000000 | Capital work in Progress | RP-40 | 1639902.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 224674.00 |
| 460000000 | Loans, Advances and Deposits | RP-47 | 1559986.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16413914.00 |
| Cash | Cash | RP-40(b) | 85030.00 |
| | Grand Total | | 87170347.00 |

| Mankara Grama Panchayat BALANCE SHEET | | | |
|---|---|---|---|
| | as on 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 9706298.15 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 119544.00 |
| 312000000 | Reserves | B-3 | 38088457.00 |
| | Total Reserve & Surplus | | 47914299.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13740144.00 |
| | Total Grants, Contributions for Specific Purposes | | 13740144.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 10144401.00 |
| | Total Loans | | 10144401.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 905523.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 831829.85 |
| | Total Current Liabilities and Provisions | | 1737352.85 |
| | TOTAL LIABILITIES | | 73536197.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 59618969.00 |
| 411000000 | Accumulated Depreciation | B-11 | -17373287.00 |
| 412000000 | Capital Work in Progress | B-11(a) | 2231040.00 |

| | | | |
|---|---|---|---|
| | Total Fixed Assets | | 44476722.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 794833.00 |
| 440000000 | Pre-paid Expenses | B-16 | 10144401.00 |
| 450000000 | Cash and Bank Balance | B-17 | 16498944.00 |
| 460000000 | Loans, Advances and Deposits | B-18 | 1621297.00 |
| | Total Current Assets, Loans and Advances | | 29059475.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 73536197.00 |

ഡെപ്യൂട്ടി ഡയറക്ടർ